# മുഖമൊഴി

വൈദ്യസംവാദത്തിന്റെ വൈകി ഇറങ്ങുന്ന ഈ ലക്കം, ഓൺലൈൻ പതിപ്പിൽ രണ്ടാമത്തേതാണ്. കാലികമായി ശ്രദ്ധ അർഹിക്കുന്ന ലേഖനങ്ങൾ ഈ ലക്കത്തിലുണ്ട്.

ഗുരുനാഥന്റെ ലേഖനം വാതത്തിന്റെ സംപ്രാപ്തി വൈവിധ്യത്തെ എടുത്തുകാണിക്കുന്ന ഒന്നാണ്. വ്യവച്ഛേദിച്ചുള്ള രോഗനിർണയം, ഇവിടെ ഏറ്റവും ആവശ്യമാണെന്ന് സിദ്ധാന്തമായി വിശദീകരിയ്ക്കുന്നു. ചികിത്സയിലുള്ള പിഴവിന് മരുന്നിനേയോ രോഗിയേയോ പഴിക്കുന്നതിന് മുമ്പ് ചികിത്സകൻ സ്വന്തം ദോഷവികല്പനത്തെയാണ്, പരിശോധിയ്ക്കേണ്ടത് എന്ന് ഈ ലേഖനം നമ്മെ ഓർമ്മിപ്പിയ്ക്കുന്നുണ്ട്.

മഹാവൈദ്യന്മാർ പരമ്പരയിൽ തൃക്കോവിൽ വൈദ്യപാരമ്പര്യത്തിൽ രേഖപ്പെടുത്താതെപോയ ഒരു വ്യക്തിത്വത്തെ ഡോ. ഷിനിത കുറിച്ചിടുന്നു. കഴിഞ്ഞലക്കം തൃക്കോവിൽ രാമവാരിയർ ആയിരുന്നു, ഈ പംക്തിയിൽ എന്നത് ഓർക്കുന്നുണ്ടാകുമല്ലോ. മുഖാമുഖത്തിൽ ഇത്തവണ നമ്മളോട് സംവദിക്കുന്നത് തൃശ്ശൂർ അമല ആശുപത്രിയിലെ ത്വക്‌രോഗ വിദഗ്ദ്ധൻ ഡോ. സെബാസ്റ്റ്യൻ ക്രൈറ്റൻ ആണ്. ശാസ്ത്രാന്തരത്തിൽ നിന്നുള്ള ഒരാൾ നമ്മളോട് ആശയവിനിമയം ചെയ്യുന്നത് ആദ്യമായാണ്.

ഗവേഷണ രീതികളിലെ നൂതനാശയങ്ങളെ അവതരിപ്പിക്കുന്നതാണ്, ഡോ. നിയ ശിവന്റെ ലേഖനം. പുനർവായനയിൽ പ്രശസ്ത കവിയും ചിന്തകനുമായ കെ. സച്ചിദാനന്ദൻ വൈദ്യരംഗത്തെ ഉദ്ഗ്രഥനം (integration) നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു.

വായനക്കാർക്ക് ഓരോ ലേഖനത്തെപ്പറ്റിയുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സംവിധാനമുണ്ടെന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട്,

മുഖ്യപത്രാധിപർ